നോർക്ക-റൂട്ട്സിലെ ഉദ്യോഗസ്ഥരുടെ വിദേശ യാത്രകൾ

78 (2910) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നോർക്കാ-റൂട്ട്സിലെ ഉദ്യോഗസ്ഥർ നടത്തിയ വിദേശ യാത്രകൾ എത്രയെന്നും ഓരോന്നിന്റെയും ഉദ്ദേശ്യലക്ഷ്യങ്ങളും വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിദേശ യാത്രകൾക്കായി നോർക്ക-റൂട്ട്സ് എത്ര രൂപ ചെലവാക്കിയെന്ന വിവരം വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നോർക്ക റൂട്ട്സിലെ ഉദ്യോഗസ്ഥർ നടത്തിയ വിദേശ യാത്രകളുടെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) 13,80,036 രൂപ (പതിമൂന്ന് ലക്ഷത്തി എൺപതിനായിരത്തി മുപ്പത്തിയാറ് രൂപ) വിദേശ യാത്രകൾക്കായി ചെലവാക്കിയിട്ടുണ്ട്.

നോർക്ക റൂട്ട്സിന് വിവിധ പ്രോജക്ടുകൾക്കായുള്ള സോഫ്റ്റ്വെയർ നിർമ്മാണം

79 (2911) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക-റൂട്ട്സിൽ വിവിധ പ്രോജക്ടുകൾക്കായുള്ള സോഫ്റ്റ്വെയർ നിർമ്മിക്കുന്നതിന് ടെണ്ടർ വഴിയാണോ ഏജൻസികളെ തെരഞ്ഞെടുക്കുന്നത്;

(ബി) ടെണ്ടറിലൂടെയല്ലാതെ ഏതെല്ലാം സോഫ്റ്റ്വെയറുകളാണ് ചെയ്തിട്ടുള്ളത്;

(സി) സാന്ത്വന സഹായ പദ്ധതിയുടെ സോഫ്റ്റ്വെയർ നിർമ്മാണത്തിന് ഏത് ഏജൻസിയെയാണ് ഏല്പിച്ചിട്ടുള്ളത്; എത്ര തുക ഇതിനായി ചെലവഴിച്ചു; സോഫ്റ്റ്വെയർ നിർമ്മാണം പൂർത്തീകരിച്ചോ;

(ഡി) സർട്ടിഫിക്കറ്റ് ഓതന്റിക്കേഷൻ സോഫ്റ്റ്വെയർ നിർമ്മാണത്തിന് എത്ര തുക ചെലവായെന്ന വിവരം അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-(സി) നോർക്ക-റൂട്ട്സ് വിവിധ പ്രോജക്ടുകൾക്കായുള്ള സോഫ്റ്റ്വെയർ നിർമ്മിക്കുന്നതിനും മെയിന്റനൻസിനുമായി കെൽട്രോണിനെയാണ് ചുമതല പ്പെടുത്താറുള്ളത്. നിലവിൽ നോർക്ക-റൂട്ട്സ് പ്രോജക്ടുകളായ സാന്ത്വന/ചെയർമാൻ/ ഫണ്ട്/കാരുണ്യം/എൻ.ആർ.കെ.ഐ.ഡി. കാർഡ്/എൻ.ആർ.കെ. ഇൻഷ്വറൻസ് കാർഡ്/ജോബ് പോർട്ടൽ/നഴ്സിംഗ് റിക്രൂട്ട്മെന്റ് എന്നീ പദ്ധതികൾക്കായി സോഫ്റ്റ്വെയർ നിർമ്മിക്കുന്നതിനും മെയിന്റനൻസിനുമായാണ് കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതികളുടെ ആദ്യഘട്ട സോഫ്റ്റ് വെയർ നിർമ്മാണ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു. രണ്ടാംഘട്ട നവീകരണത്തിനും അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട് കെൽട്രോണുമായി കരാർ ഒപ്പിടുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. നാളിതുവരെ പ്രസ്തുത സോഫ്റ്റ് വെയറുകളുടെ നിർമ്മാണത്തിനായി കെൽട്രോണിന് 47,20,559 രൂപ നൽകിയിട്ടുണ്ട്. ഇതിനുപുറമേ നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്ററിന്റെ വെബ് പോർട്ടൽ നിർമ്മിക്കുന്നതിന് സിഡ്ക്കോടെ ചുമതലപ്പെടുത്തുകയും 9,33,735 രൂപ ഈയിനത്തിൽ നൽകിയിട്ടുമുണ്ട്.

(ഡി) പ്രതിഫല തുക നൽകിയിട്ടില്ല.

നോർക്ക സാന്ത്വന പദ്ധതി

80 (2912) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നോർക്ക സാന്ത്വന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.